## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **364** | **04.02.2020**-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

## കേന്ദ്ര നയങ്ങൾ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എസ്.ശർമ്മ<br>ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ. വി.കെ.സി. മമ്മത് കോയ<br>ശ്രീ. കെ.ഡി. പ്രസേനൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിയമപരമായി അവകാശപ്പെട്ട ഐ.ജി.എസ്.ടി വിഹിതവും എസ്.ജി.എസ്.ടി. നഷ്ടപരിഹാരവും ലഭ്യമാക്കാതെ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചത് തരണം ചെയ്യാൻ സർക്കാർ നടത്തുന്ന ശ്രമം വിശദമാക്കാമോ; | (എ) യും (ബി) യും | ജി.എസ്.ടി നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തിന് നിയമപരമായി അവകാശപ്പെട്ട, നികുതി നഷ്ടത്തിനുള്ള കോമ്പൻസേഷൻ കേന്ദ്രസർക്കാർ യഥാസമയം ലഭ്യമാക്കാതെയും നികുതി നിരക്കുകൾ സംസ്ഥാനത്ത് മുമ്പത്തേതിനെക്കാൾ താഴ്ത്തി നിശ്ചയിച്ചുള്ളതുമായി ബന്ധപ്പെട്ടും സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചത് തരണം ചെയ്യാൻ സർക്കാർ നടത്തുന്ന ശ്രമങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക റിട്ടേൺ ലഭ്യമാകുമ്പോൾ നികുതി കണക്കുകൾ സ്കൂട്ടണൈസ് ചെയ്ത് വ്യാപാരികളുടെ വില്പന, വാങ്ങൽ വൗച്ചർ താരതമ്യപ്പെടുത്തി അനധികൃതമായി ഇൻപുട്ട് ക്രഡിറ്റ് എടുത്തതും അല്ലെങ്കിൽ ടേണോവർ കുറച്ചു കാണിച്ചതുമെല്ലാം കണ്ടുപിടിക്കാനാകും. നികുതി ചോർച്ചയിൽ നല്ലൊരു പങ്ക് തിരിച്ചു പിടിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.<br><br>2. ജി.എസ്.ടി.ആർ.-2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ജി.എസ്.ടി.ആർ. 3 ബി, ജി.എസ്.ടി.ആർ.1 ഇവ തമ്മിലുള്ള താരതമ്യം, ഇ-വേ ബിൽ ഡേറ്റാ എന്നിവ |
| (ബി) | കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ വിവേചനവും ജി.എസ്.ടി. നടപ്പിലാക്കി സംസ്ഥാനത്തിന്റെ നികുതി സമാഹരണ ശേഷിയെ ദുർബലപ്പെടുത്തിയതും അതിജീവിക്കാൻ മാർഗം പര്യാലോചിക്കുന്നുണ്ടോ; | | |

| | | | |
|---|---|---|---|
| | | | യഥാസമയം പരിശോധനാ വിധേയമാക്കി നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3. ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം (എ.എൻ.പി.ആർ) പരീക്ഷണാടിസ്ഥാനത്തിൽ വാളയാർ ഹൈവേയിൽ നടപ്പിലാക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലേയ്ക്കുള്ള പ്രധാന പ്രവേശന മാർഗ്ഗങ്ങളിൽ സ്ഥാപിക്കുന്ന ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റീഡിംഗ് ക്യാമറ വഴി ചരക്കു വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ പരിശോധിച്ച് പ്രസ്തുത വാഹനത്തിന് നിയമാനുസൃതമായ ഇ-വേ ബിൽ ഉണ്ടോ എന്ന് ഉറപ്പ് വരുത്തുവാൻ പറ്റുമെന്ന് തെളിഞ്ഞിട്ടുണ്ട്. ഇ-വേ ബിൽ ഇല്ലാത്ത പക്ഷം ഈ വിവരം തൽസമയം ഇന്റലിജൻസ് സ്ക്വാഡുകൾക്ക് അലർട്ട് സന്ദേശം നൽകുന്നതാണ്. ഇതിനെ സംബന്ധിച്ച് പ്രധാന അതിർത്തി മേഖലകളിൽ ഈ സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള കരാർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. GSTN തത്സംബന്ധമായ ഇ-വേ ബിൽ ഡേറ്റ തരുന്നതിനുള്ള സാങ്കേതിക സംവിധാനവും ലഭിച്ചു. ഇത് 2020 എപ്രിൽ മാസത്തോട് കൂടി പൂർണ്ണമായും ഉപയോഗമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.<br><br>4. നികുതി ചോർച്ച കണ്ടെത്തുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഫയലുകൾ കണ്ടെത്തുന്നതിനുമായി Indian Institute of Information Techonogly Kerala (IIITMK)-യുമായി ചേർന്ന് വകുപ്പിന് Data Analytic സംവിധാനം ഏർപ്പെടുത്തി.<br><br>5 റിട്ടേൺ പരിശോധനയിൽ നികുതി വെട്ടിപ്പ് സംശയിക്കുന്ന സ്ഥാപനങ്ങളിൽ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി നികുതി വെട്ടിപ്പിന്റെ പഴുതുകൾ തടഞ്ഞ് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 6. നികുതി വളർച്ച ഉറപ്പാക്കുന്നതിലേയ്ക്കായി ബിൽ നിർബന്ധമായും ചോദിച്ച് വാങ്ങുകയെന്ന പ്രവണത പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ചരക്ക് സേവന നികുതി വിതരണക്കാർക്കും ഉപഭോക്താക്കൾക്കും ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>7. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br><br>8. അപ്പീൽ കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് വേണ്ടി കൂടുതലായി 4 ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും 12 അസിസ്റ്റന്റ് കമ്മീഷണർ (അപ്പീൽസ്) പോസ്റ്റും കൂടുതലായി അനുവദിച്ചു.<br><br>9. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ടി ധനകാര്യ മന്ത്രിയുടെയും റവന്യൂ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ ജില്ലാകളക്ടർമാരുടെ മീറ്റിംഗ് വിളിച്ച് വേണ്ട നിർദ്ദേശം നൽകി.<br><br>10. നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിന് ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി. ആംനസ്റ്റി സ്വീകരിച്ചവർക്ക് കുടിശ്ശിക തവണ വ്യവസ്ഥയിൽ 2020 മാർച്ച് 31 വരെ അടയ്ക്കുവാൻ സാവകാശം ഉണ്ട്.<br><br>11. കുടിശ്ശികകൾ ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിന് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പ്രതിമാസ അവലോകന യോഗം കൂടി പുരോഗതി വിലയിരുത്തുന്നു.<br><br>രാഷ്ട്രീയ വിവേചനവും അനവധാനതയോടെയുള്ള ജി.എസ്.ടി. നടപ്പാക്കലും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. ഇത് |

| | | | |
|---|---|---|---|
| | | | മറികടക്കുന്നതിന് നിരവധി നടപടികൾ കൈക്കൊണ്ടുവരുന്നു. |
| (സി) | കേന്ദ്രസർക്കാരിന്റെ കെടുകാര്യ സ്ഥത സൃഷ്ടിച്ച സാമ്പത്തിക മാന്ദ്യം കേന്ദ്ര നികുതി വിഹിതത്തിൽ കുറവുണ്ടാക്കിയതും അനുവദനീയമായ പരിധി കളിൽ പൊതുകടം എടുക്കാനുള്ള അവകാശം നിഷേധിച്ചതും വികസന പദ്ധതികളെയും ക്ഷേമ പ്രവർത്തനങ്ങളെയും ബാധിക്കാനിടയുണ്ടോ എന്നറിയിക്കാമോ? | (സി) | ക്ഷേമ ആനുകൂല്യങ്ങളിലും സാധാരണ സർക്കാർ ഇടപെടലുകളിലും പ്രയാസമുണ്ടാക്കാതെ ഈ സ്ഥിതിവിശേഷം കൈകാര്യം ചെയ്യുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**